(സി) മുൻ കരാറുകാരനുമായുള്ള കരാർ അവസാനിപ്പിച്ചിട്ടുണ്ടോ ;

(ഡി) ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) മുടങ്ങിപ്പോയ റോഡിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നു വ്യക്തമാക്കുമോ ;

(എഫ്) റോഡിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പുനരാരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ നിർമ്മാണം ഏറ്റെടുത്തിരുന്ന കരാർ കമ്പനിക്ക് 2 തവണ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തുകയും റോഡ് നിർമ്മാണം തടസ്സപ്പെടുകയും ചെയ്തു. ഇതേത്തുടർന്ന് 24-1-2014-ന് കമ്പനിയെ റിസ്ക് & കോസ്റ്റ് അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി.

(ഡി&ഇ) വടക്കാഞ്ചേരി മുതൽ വാളയാർ വരെ ദേശീയപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന കെ.എൻ.ആർ.സി കമ്പനി ദേശീയ പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതുവരെ പരാമർശിത റോഡ് ഗതാഗതയോഗ്യമാക്കി നിലനിർത്താമെന്ന് ഏറ്റിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് ഗതാഗത യോഗ്യമാക്കി വരികയാണ്. ദേശീയ പാതയുടെ നിർമ്മാണം പൂർത്തീകരിച്ച ശേഷം കെ.എൻ.ആർ.സി കമ്പനിയെ തന്നെ മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ഏൽപ്പിക്കാമോ എന്ന വിഷയവും പരിശോധിച്ചുവരികയാണ്.

വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാന പാതയുടെ പുനർനിർമ്മാണം

308(3233) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാന പാതയുടെ പുനർനിർമ്മാണത്തിനു അനുവദിച്ചിരിക്കുന്ന തുക എത്രയെന്നും എത്ര റീച്ചുകളായാണ് ടാറിംഗ് നിശ്ചയിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാന പാതയുടെ ഓരോ റീച്ചുകളുടെയും നിർമ്മാണം ഏറ്റെടുത്തിരിക്കുന്ന കരാറുകാർ ആരൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) എഗ്രിമെന്റ് പ്രകാരം ഓരോ കരാറുകാർക്കും പ്രവർത്തി പൂർത്തീകരിക്കുന്നതിന് നിശ്ചയിക്കപ്പെട്ടിരുന്ന തീയതികൾ വ്യക്തമാക്കാമോ ;

(ഡി) പ്രവർത്തി പൂർത്തീകരിക്കുന്നതിൽ കരാറുകാർക്ക് സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ ; എങ്കിൽ ആർക്കൊക്കെ എത്ര തവണയെന്ന് വ്യക്തമാക്കാമോ ;

(ഇ) പൂർണ്ണമായും ടാറിംഗ് നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മൂന്ന് റീച്ചുകളിലായി അനുവദിച്ചിരിക്കുന്ന തുക 6,33,11,688 രൂപയാണ്.

(ബി) വിശദവിവരം ചുവടെ ചേർക്കുന്നു :

1. Ch.2/500 to 4/730, 7/300 to 9/00 - T.N.Shanavas
2. Ch 4/730 to 7/300, 9/000 to 11/000 and 12/260 to 13/250 - M/s.Green Worth Infrastructure
3. Ch.13/250 to 19/000 - T.N.Shanavas

(സി) എഗ്രിമെന്റ് പ്രകാരം ഓരോ കരാറുകാർക്കും പ്രവർത്തി പൂർത്തീകരിക്കുന്നതിന് നിശ്ചയിക്കപ്പെട്ടിരിക്കുന്ന തീയതികൾ ചുവടെ ചേർക്കുന്നു :

1. Sri.T.N.Shanavas: 24-2-2015
2. M/s.Green Worth Infrastructure: 20-7-2014
3. Sri.T.N.Shanavas: 24-2-2015

(ഡി) സമയം ദീർഘിപ്പിച്ചു നൽകിയിട്ടില്ല.

(ഇ) രണ്ടു മാസത്തിനുള്ളിൽ പൂർണ്ണമായും ടാറിംഗ് നടപടികൾ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly